**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**<u>പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3220 **19-06-2018-ൽ** മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉണ്ണി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായ ത്തതിർത്തിയിൽപ്പെട്ട പൂക്കോട്ടു കാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്ന തിനായി എന്നാണ് ഫണ്ട് അനുവദി ച്ചത്; പ്രസ്തുത സാംസ്കാരിക നിലയ ത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ; വിശദാംശം ലഭ്യമാ ക്കാമോ; | (എ) | പൂക്കോട്ടു കാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷമാണ് ഫണ്ട് അനുവദി ച്ചത്.<br>നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ല. 4 മാസത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാകും. |
| (ബി) | പ്രസ്തുത സാംസ്കാരിക നിലയം നിർമ്മിച്ചിരിക്കുന്നത് എവിടെയാണ്; എന്താവശ്യത്തിന് ഉപയോഗിക്കുവാ നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കു ന്നത് ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൂക്കോട്ടുകാവ് പ്രഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിലാണ് സാസ്കാരിക നിലയം നിർമ്മാണം നടന്നുവരുന്നത്. നിലവിലുള്ള പഞ്ചായത്ത് സാംസ്കാരിക നിലയം ഏറെ പഴക്കമി ല്ലാത്തതിനാലും, തൊട്ടടുത്ത ആശുപത്രി കെട്ടിടം ജീർണ്ണാവസ്ഥയിലുമായതിനാൽ ആശുപത്രിക്ക് മുൻഗണന നൽകണമെന്ന അഭിപ്രായം പൊതുവിൽ ജനകീയമായി ഉയർന്നുവന്നപ്പോൾ ആശുപത്രി പ്രവർത്തനം പുതിയ സാസ്കാരിക നിലയത്തിനുവേണ്ടി നിർമ്മാണം നടക്കുന്ന കെട്ടിട ത്തിലേക്ക് മാറ്റി സ്ഥാപിക്കാൻ പഞ്ചായത്ത് ഭരണ സമിതി നിർദ്ദേശം വച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏതെല്ലാം ഫണ്ടുകൾ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ? | (സി) | ബഹു.ഒറ്റപ്പാലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**